LIBRARY ARCHIVES Kerala Legislative Assembly

അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

104 (108) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

(ബി) ഈ കാലയളവിൽ അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) എത്ര ലിറ്റർ സ്പിരിറ്റാണ് ഈ വാഹനങ്ങളിൽനിന്നും പിടിച്ചെടുത്തത് ; ജില്ല, റേഞ്ച്, ചെക്ക്പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പ് ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം ആകെ 51,913 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	കേസുകളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	5223
കൊല്ലം	5379
പത്തനംതിട്ട	2211
ആലപ്പുഴ	4833
കോട്ടയം	3367
ഇടുക്കി	2181
എറണാകുളം	4686
തൃശ്ശൂർ	4199
പാലക്കാട്	4231

(1)	(2)
മലപ്പുറം	4021
കോഴിക്കോട്	3558
വയനാട്	1859
കണ്ണൂർ	3960
കാസർഗോഡ്	2205
ആകെ	51913

(ബി) അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട 129 വാഹനങ്ങളാണ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുള്ളത്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	വാഹനങ്ങളുടെ എണ്ണം
തിരുവനന്തപുരം	11
കൊല്ലം	16
പത്തനംതിട്ട	2
ആലപ്പുഴ	36
കോട്ടയം	3
ഇടുക്കി	2
എറണാകുളം	6
തൃശ്ശൂർ	8
പാലക്കാട്	41
മലപ്പുറം	2
കോഴിക്കോട്	...
വയനാട്	1
കണ്ണൂർ	...
കാസർഗോഡ്	1
ആകെ	129

LIBRARY ARCHIVES Kerala Legislative Assembly

(സി) വാഹനങ്ങളിൽനിന്നും എക്സൈസ് വകുപ്പ് പിടിച്ചെടുത്ത സ്പിരിറ്റിന്റെ ജില്ല, റേഞ്ച്, ചെക്ക് പോസ്റ്റ് എന്നിവ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	റെയ്ഞ്ചുകളിൽ പിടിക്കൂടിയത് (ലിറ്റർ)	ചെക്ക് പോസ്റ്റിൽ പിടിക്കൂടിയത് (ലിറ്റർ)
തിരുവനന്തപുരം	10802	2384
കൊല്ലം	25675	1833
പത്തനംതിട്ട	310	...
ആലപ്പുഴ	13722	...
കോട്ടയം	1225	...
ഇടുക്കി	333	...
എറണാകുളം	7033	...
തൃശ്ശൂർ	9989	...
പാലക്കാട്	24265	...
മലപ്പുറം	445	...
കോഴിക്കോട്	...	...
വയനാട്	2624	...
കണ്ണൂർ	...	...
കാസർഗോഡ്	105	7000
ആകെ	96528	11217

(ഡി) ഇത്തരം കേസുകളുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ ആകെ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം -10 (എറണാകുളം- 2, പാലക്കാട് -8)

പൂട്ടിയ ബാറുകളുടെയും നിലവാരം ഉയർത്തപ്പെട്ട ബാറുകളുടെയും കണക്ക്

105 (109) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നിലവാരം ഇല്ലാത്തിതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പൂട്ടുകയുണ്ടായി ; അവയിൽ പിന്നീട് വിവിധ ഘട്ടങ്ങളിലായി തുറന്ന് പ്രവർത്തിച്ചവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly